# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.1905- 07/12/2015 - ലെ മറുപടിക്ക്**

## കടബാധ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) സർക്കാരിന്റെ കടബാദ്ധ്യത വർഷം തോറും വർദ്ധിച്ചു വരുന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12 സാമ്പത്തിക വർഷത്തിൽ പദ്ധതി അടങ്കൽ 12,010 കോടി രൂപയും 2012-13 ൽ 14010 കോടിരൂപയും 2013-14 ൽ 17,000 കോടിരൂപയും 2014-15 ൽ 20,000 കോടിരൂപയുമായിരുന്നു. ഇപ്രകാരം പദ്ധതി അടങ്കലിലെ വർദ്ധനവിനനുസരിച്ച് കടമെടുപ്പിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) നടപ്പ് വർഷം നികുതിയിനത്തിൽ എത്ര രൂപ ഇതുവരെ പിരിച്ചെടുത്തിട്ടുണ്ട്; പിരിച്ചെടുത്ത തുക പ്രതീക്ഷിച്ച നികുതി വരുമാനത്തിന്റെ എത്ര ശതമാനം വരും; വിശദാംശം വ്യക്തമാക്കുമോ? | അക്കൗണ്ടന്റ് ജനറലിന്റെ മാസാടിസ്ഥാനത്തിലുള്ള കണക്കനുസരിച്ച് 31.10.2015 വരെ 21633.47 കോടിരൂപ പിരിച്ചെടുത്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

(തുക കോടിയിൽ)

| നികുതിയിനങ്ങൾ | പിരിച്ചെടുത്ത നികുതി വരുമാനം # |
|---|---|
| ഭൂ നികുതി | 120.70 |
| സ്റ്റാമ്പ്സ് & രജിസ്ട്രേഷൻ | 1668.44 |
| സംസ്ഥാന എക്സൈസ് | 1135.52 |
| വാണിജ്യ നികുതി | 16969.56 |
| മോട്ടോർ വാഹന നികുതി | 1545.64 |
| മറ്റുള്ളവ | 193.61 |
| **ആകെ** | **21633.47** |

(#2015-16 ഒക്ടോബർ മാസത്തെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം)

ഇപ്രകാരം പിരിച്ചെടുത്ത തുക പ്രതീക്ഷിച്ച നികുതി വരുമാനത്തിന്റെ (ബജറ്റ് എസ്റ്റിമേറ്റ് 45428.03 കോടി രൂപ) 47.62 ശതമാനമാണ്.

*അക്കൗണ്ട്സ് ഓഫീസർ*